**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-ജീവനക്കാര്യം-കൊച്ചി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി. രാജുവിനെതിരായ നടപടി അവസാനിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ(സാധാ)നം.2886/2019/തസ്വഭവ തിരുവനന്തപുരം,തീയതി,19.12..2019.

================================================================

പരാമർശം:- 1. കൊച്ചി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി രാജുവിന് നൽകിയ 12.03.2013 തീയതിയിലെ 39032/ഇ.യു.1/12/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

2. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. വി. രാജു സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത മറുപടി

3. നഗരകാര്യ ഡയറക്ടറുടെ 27.07.2019 തീയതിയിലെ വി.3-6105/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിൽ ഇടപ്പള്ളി നോർത്ത് വില്ലേജിൽ സർവ്വെ നം. 113-ൽ ഉൾപ്പെട്ട 34.8 സെന്റ് സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് കൊച്ചി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.രാജു അനുമതി നൽകിയതിന്റെ പേരിൽ ടിയാന് പരാമർശം ഒന്ന് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. വി.രാജു ലഭ്യമാക്കിയ പരാമർശം രണ്ടിലെ മറുപടിയിൽ സാധാരണയായി സാങ്കേതിക വിഭാഗം നൽകുന്ന ശുപാർശ പ്രകാരമാണ് ബിൽഡിംഗ് പെർമിറ്റ് നൽകുന്നതെന്നും ഇവിടെയും ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർ, ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവരുടെ ശുപാർശ അംഗീകരിച്ച് നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നും ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ അംഗീകൃത സ്ട്രക്ച്ചറൽ പ്ലാനിനു വിരുദ്ധമായി നിർമ്മാണം നടത്തിയെന്ന ആരോപണത്തിന് കൊച്ചി കോർപ്പറേഷനിലെ സെൻട്രൽ സിറ്റി ഏരിയായിൽ ഡെവലപ്പമെന്റ് ഫീ ഈടാക്കിക്കൊണ്ട് (കൗൺസിൽ നിശ്ചയിക്കുന്ന തുക) സ്ട്രക്ച്ചറൽ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടായിരുന്നു എന്നും അതനുസരിച്ച് നിർമ്മാണത്തിന് അനുമതി നൽകിയിരിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

2. കൊച്ചി നഗരസഭ ഇടപ്പള്ളി മേഖലാ പരിധിയിലുള്ള 35-ാം ഡിവിഷനിൽ ഇടപ്പള്ളി നോർത്ത് വില്ലേജ് സർവ്വെ നം.113/4-ൽപ്പെടുന്ന ശ്രീ.രവീന്ദ്രൻ നായരുടെ ഉടമസ്ഥതയിലുള്ള 34.80 സെന്റ് സ്ഥലത്ത് 25.08.2006-ന് Eyp2/210/2006 നം. പ്രകാരം 6489.71 m2 പ്ലിന്ത് ഏരിയ വരുന്ന വിധത്തിൽ 14 നിലകളോടുകൂടി (GF+13 Upper Floors) റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് നിർമ്മാണാനുമതി നൽകിയിരുന്നു. നിർമ്മാണം നടന്നു കൊണ്ടിരിക്കെ പ്രസ്തുത നിർമ്മാണത്തിന്റെ അപാകതകൾ കാണിച്ചുകൊണ്ട് 24.01.2008-ന് എറണാകുളം റീജിയണൽ ടൗൺ പ്ലാനറുടെ എ 4/1380/07 -ാം നമ്പർ കത്ത് ലഭിച്ചതായും ടി കത്തിൽ സ്ട്രക്ച്ചറൽ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥലം പാർക്കിംഗിലും ഓപ്പൺ സ്പെയ്സിലും വരുന്നതിനാൽ സോണിംഗ് റഗുലേഷൻ സംബന്ധിച്ച് ഇളവ് നൽകുന്നത് ബഹു.ഹൈക്കോടതിയുടെ WP-8740/97 നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 22/12/05-ലെ 54757/m1/05/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർത്തലാക്കിയിട്ടുള്ളതിനാൽ മേഖലാ ഇളവ് സർക്കാരിന് നൽകാനാവില്ല എന്നറിയിച്ചുകൊണ്ടും ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. നഗരസഭയിൽ ഉപയോഗിച്ചുവരുന്ന സ്ട്രക്ച്ചറൽ പ്ലാൻ പ്രകാരമാണ് അനുമതി നൽകിയതെന്ന് ടി കത്തിന് 11.09.2008-ൽ മറുപടി നൽകിയതായും തുടർന്ന് കക്ഷികൾ റിന്യൂവൽ അപേക്ഷ നൽകുകയും 12.10.2010-ൽ പണി പൂർത്തിയാക്കി ഒക്ക്യുപ്പൻസി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തെങ്കിലും ഒക്ക്യുപ്പൻസി സർട്ടിഫിക്കറ്റ് നഗരസഭ നൽകിയിട്ടില്ലെന്നും, നഗരസഭാ സെക്രട്ടറി, സീനിയർ ടൗൺ പ്ലാനർ, ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റി സെക്രട്ടറി എന്നിവർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് നൽകിയതായും ടി റിപ്പോർട്ടിൽ ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റി യുടെ 13.05.1993-ൽ കൂടിയ ജനറൽ കൗൺസിലിന്റെ 1/93-94 നം. തീരുമാന പ്രകാരം 13.05.1993-ൽ അംഗീകരിച്ച സ്ട്രക്ച്ചറൽ പ്ലാനിൽ ഗ്രൗണ്ടും പൊതുസ്ഥലങ്ങളും ആയി വിഭാവനം ചെയ്തിരുന്ന സ്ഥലങ്ങൾ R-150 പാർപ്പിട മേഖലയായി മാറ്റുവാൻ തീരുമാനിച്ചതായും ഇതോടൊപ്പം മറ്റ് ഭൂവിനിയോഗത്തിലും മാറ്റങ്ങൾ വരുത്തിയ മാപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും നൽകിയിട്ടുണ്ടെന്നും ഇത് പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാനുകൾ നഗരസഭ പരിശോധിച്ചുവരുന്നതെന്നും അതുകൊണ്ടാണ് ഇപ്രകാരം വ്യതിയാനം വരുവാനിടയായതെന്നും സ്ട്രക്ച്ചർ പ്ലാൻ റിവിഷൻ പൂർത്തിയാകുമ്പോൾ മാത്രമാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിന്യൂവൽ അപേക്ഷ അംഗീകരിക്കുകയും കാലാവധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കി ഒക്ക്യുപ്പൻസി സർട്ടിഫിക്കറ്റ് 09.01.2012-ൽ നൽകിയിട്ടുള്ളതുമാണെന്ന് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ശ്രീ. വി.രാജു 31.03.2010-ന് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരനാണെന്നതും ടിയാൻ പാർക്കിൻസൺ രോഗബാധിതനാണെന്നുള്ളതും പരിഗണിച്ച് ടിയാനെതിരെയുള്ള നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് കൊച്ചി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.വി.രാജുവിനെതിരായ നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യു**
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം
ശ്രീ വി.ആർ. രാജു, കൊച്ചി നഗരസഭാ മുൻ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ